# “സംരംഭകർക്ക് ഇനി സമഗ്ര

കേരളത്തിൽ പുതുതലമുറ സംരംഭകരെയും സംരംഭങ്ങളെയും വാർത്തെടുക്കാനുള്ള ശ്രമങ്ങളുമായി മുന്നേറുകയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി). സംരംഭകർക്ക് വായ്പ നൽകുന്ന സ്ഥാപനം എന്നതിലുപരിയായി സംരംഭത്തെ വിജയത്തിലെത്തിലേക്ക് നയിക്കുന്നതിന് ആവശ്യമായ സമഗ്ര സേവനം ലഭ്യമാക്കാനുള്ള തയാറെടുപ്പിലാണ് കെ.എഫ്.സി. *ധനം* സീനിയർ കറസ്പോണ്ടന്റ് **എൻ. എസ് വേണുഗോപാലു**മായുള്ള അഭിമുഖത്തിൽ പുത്തൻ ചുവടുവെപ്പുകളെ കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും കെ.എഫ്.സി മാനേജിംഗ് ഡയറക്റ്റർ **കെ.എം നായർ** വിശദീകരിക്കുന്നു

**കഴിഞ്ഞ സാമ്പത്തിക വർഷം കെ.എഫ്.സി കൈവരിച്ച സുപ്രധാന നേട്ടങ്ങൾ എന്തൊക്കെയാണ്?**

▶ കെ.എഫ്.സിയുടെ മൊത്തം ബിസിനസ് ആദ്യമായി ആയിരം കോടി രൂപ കവിഞ്ഞ് 1126 കോടിയായി ഉയർന്നുവെന്നതാണ് പ്രധാനം. മുൻ വർഷത്തെ വായ്പാ വിതരണം 419 കോടിയായിരുന്നത് കഴിഞ്ഞ വർഷം ആറ് ശതമാനം വർധനയോടെ 444 കോടിയായി ഉയർന്നു. റിക്കവറി 299 കോടിയായിരുന്നത് 355 കോടിയായി വർധിച്ചു. പലിശ വരുമാനം 92 കോടിയിൽ നിന്നും കഴിഞ്ഞ വർഷം 132 കോടിയായി ഉയർന്നു. നിഷ്ക്രിയ ആസ്തി രണ്ട് വർഷം മുമ്പ് 21 ശതമാനമായിരുന്നത് 8.67 ശതമാനമായി കുറക്കാനും സാധിച്ചു. രണ്ട് വർഷം മുമ്പ് 13.22 ശതമാനമായിരുന്ന അറ്റ നിഷ്ക്രിയാസ്തി ഇപ്പോൾ 1.88 ശതമാനമായി കുറഞ്ഞു. ബാങ്കിംഗ് മേഖലയിൽ തന്നെ അറ്റ നിഷ്ക്രിയാസ്തി രണ്ട് ശതമാനം വരെയാകാമെങ്കിൽ അതിൽ നിന്നും കുറഞ്ഞ നിലവാരത്തിലേക്ക് അത് എത്തിക്കാനായി എന്നത് മറ്റൊരു പ്രധാന നേട്ടമാണ്. കഴിഞ്ഞ വർഷം 35 കോടി രൂപ അറ്റാദായം നേടിയ കോർപ്പറേഷനിൽ അഞ്ച് ശതമാനം ലാഭവിഹിതമാണ് നൽകുന്നത്. ദേശീയതലത്തിൽ തന്നെ ലാഭവിഹിതം നൽകുന്ന ഏക സ്റ്റേറ്റ് ഫിനാൻസ് കോർപ്പറേഷൻ കെ.എഫ്.സി മാത്രമാണ്.

**ഏതൊക്കെ മേഖലകളിലാണ് കഴിഞ്ഞ വർഷം കെ.എഫ്.സി കൂടുതൽ വായ്പ നൽകിയിട്ടുള്ളത്?**

▶ വായ്പ വാങ്ങുന്നതിനും തിരിച്ചടവിലുമൊക്കെ ടൂറിസം മേഖലയാണ് മുന്നിട്ട് നിൽക്കുന്നത്. അക്കാരണത്താൽതന്നെ കോർപ്പറേഷന്റെ വായ്പകളിൽ 65 ശതമാനത്തോളം ടൂറിസം മേഖലയാണ് നേടിയിട്ടുള്ളത്. അതുകഴിഞ്ഞാൽ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ, ഹോസ്പിറ്റലുകൾ തുടങ്ങിയവയ്ക്കാണ് കൂടുതൽ വായ്പ നൽകിയിട്ടുള്ളത്.

**വായ്പാ നടപടിക്രമങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്?**

▶ ശക്തമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വായ്പാ നടപടിക്രമമാണ് കെ.എഫ്.സിക്ക് ഉണ്ടായിരുന്നത്. അതിന് പകരം സംരംഭക സൗഹൃദമായിട്ടുള്ള ഒരു വായ്പാ നയം കോർപ്പറേഷൻ പുതുതായി നടപ്പാക്കി. സെക്യൂരിറ്റിയെ അടിസ്ഥാനമാക്കി വായ്പ നൽകുന്നതിന് പകരം പദ്ധതിയുടെ പ്രയോഗക്ഷമതയെ അടിസ്ഥാനമാക്കി വായ്പ നൽകാൻ ഞങ്ങൾ തീരുമാനിച്ചു. കൊളാറ്ററൽ സെക്യൂരിറ്റി കൂടുതൽ വാങ്ങുക, സെക്യൂരിറ്റി ഉണ്ടെങ്കിൽ മാത്രം വായ്പ നൽകുക എന്നീ രീതികൾ പൂർണമായും ഞങ്ങൾ നിർത്തലാക്കി. വായ്പാ വിതരണത്തിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കി. വായ്പ ലഭിക്കുന്നതിലെ കാലതാമസം കാരണം ആദ്യഘട്ടത്തിൽ സംരംഭകൻ സ്വന്തം നിലയിൽ പണം മുടക്കിയശേഷം പിന്നീട് കെ.എഫ്.സിയിൽ നിന്ന് അത് റീ ഇംബേഴ്സ് ചെയ്യുന്ന രീതി മാറ്റിക്കൊണ്ട് വായ്പ മുൻകൂറായി നൽകുന്ന സംവിധാനം നടപ്പാക്കിക്കഴിഞ്ഞു.

**വായ്പയ്ക്ക് ഉപരിയായി എന്തൊക്കെ സഹായങ്ങളാണ് കെ.എഫ്.സി സംരംഭകർക്ക് നൽകുന്നത്?**

▶ വായ്പാ വിതരണം എന്നതിനെക്കാൾ വ്യവസായ മേഖലയുടെ വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് കെ.എഫ്.സി സ്ഥാപിതമായത്. സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിനായുള്ള മാർഗനിർദേശങ്ങൾ നൽകുന്നതിനുമായി കൺസൾട്ടൻസി വിഭാഗത്തെ ഞങ്ങൾ ശക്തിപ്പെടുത്തി. സംരംഭകർക്ക് സ്വന്തം പദ്ധതികളോ അല്ലെങ്കിൽ കോർപ്പറേഷൻ തയാറാക്കിയിട്ടുള്ള 50ഓളം പദ്ധതികളിൽ ഏതെങ്കിലും തെരഞ്ഞെടുക്കുകയോ ചെയ്യാം. പദ്ധതി റിപ്പോർട്ട് തയാറാക്കുന്നതിലും മെഷിനറികൾ കണ്ടെത്തുന്നതിലും മറ്റുള്ള അനുമതികൾ വാങ്ങുന്നതിലുമൊക്കെ ഞങ്ങൾ അവരെ സഹായിക്കുന്നതാണ്. പദ്ധതി യാഥാർത്ഥ്യമാകുന്നത് വരെയുള്ള എല്ലാ ഘട്ടത്തിലും ഞങ്ങളുടെ സേവനം ലഭ്യമാണ്. കോർപ്പറേഷന്റെ ഹെഡ് ഓഫീസിലാണ് കൺസൾട്ടൻസി വിഭാഗം പ്രവർത്തിക്കുന്നത്. അതിനോട് അനുബന്ധിച്ച് കെ.എഫ്.സിയുടെ എല്ലാ ശാഖകളിലും ഓരോ റിലേഷൻഷിപ്പ് മാനേജർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൺസൾട്ടൻസി വിഭാഗത്തിന്റെ സേവനം ആവശ്യമുള്ളവർക്ക് ഇവരെ സമീപിക്കാവുന്നതാണ്.

**സംരംഭം തുടങ്ങിക്കഴിഞ്ഞാൽ പിന്നീട് ഏതെങ്കിലും വിധത്തിലുള്ള സേവനങ്ങൾ നൽകുന്നുണ്ടോ?**

▶ അത്തരം സേവനങ്ങളും ഞങ്ങൾ നൽകുന്നുണ്ട്. കാരണം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതും നടത്തിപ്പിലുണ്ടാകുന്ന അപാകതകളും മൂലമാണ് സംരംഭങ്ങൾ പരാജയപ്പെടുന്നത്. ഇവയൊക്കെ ഒഴിവാക്കുന്നതിന് കോർപ്പറേഷൻ മോണിറ്ററിംഗ്



കെ.എം നായർ

# സേവനം”

സംവിധാനം നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നിർവഹണം വളരെ സുപ്രധാനമായൊരു ഘടകമാണ്. അത് സമയബന്ധിതമായി നടന്നില്ലെങ്കിൽ ചെലവ് ഉയരും. ഇത് സംരംഭത്തിന്റെ പരാജയത്തിനും വഴിവെക്കും. ഇതേ കുറിച്ചെല്ലാം സംരംഭകർക്ക് ശരിയായ മാർഗനിർദേശം നൽകുന്നതിനു വേണ്ടി ത്രിതല മോണിറ്ററിംഗ് സിസ്റ്റമാണ് നടപ്പാക്കിയിട്ടുള്ളത്.

**വായ്പ തിരിച്ചടവിൽ വീഴ്ച സംഭവിച്ചാൽ എന്തൊക്കെ നടപടികളാകും സ്വീകരിക്കുന്നത്?**

▶ ചില സംരംഭങ്ങൾ ആരംഭിച്ച ശേഷമായിരിക്കും പ്രായോഗികതലത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അത് തിരിച്ചടവിൽ വീഴ്ചയുണ്ടാക്കും. തിരിച്ചടവ് മുടങ്ങിയാൽ, വായ്പ എൻ.പി.എ ആകാൻ കാത്തുനിൽക്കാതെ ആ എക്കൗണ്ട് പഠനവിധേയമാക്കുകയും അതിനെ സ്ട്രെസ് എക്കൗണ്ട് വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യും. തുടർന്ന് ആ സംരംഭത്തിന്റെ പ്രശ്നങ്ങൾ മനസിലാക്കി അവയ്ക്ക് പരിഹാരം നിർദേശിക്കുന്നതോടൊപ്പം ആവശ്യമെങ്കിൽ

> സംരംഭകർക്ക് വായ്പ മാത്രമല്ല എല്ലാ ഘട്ടങ്ങളിലും ആവശ്യമായ മാർഗനിർദേശങ്ങളും ഞങ്ങൾ നൽകുന്നു. മാത്രമല്ല വിപണിയിൽ മറ്റൊരിടത്തുനിന്നും കെ.എഫ്.സി നിരക്കിനേക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സംരംഭകർക്ക് വായ്പ ലഭിക്കുകയുമില്ല

ചില ഇളവുകളും ആനുകൂല്യവുമൊക്കെ കൊടുത്തുകൊണ്ട് സംരംഭത്തെ മുമ്പോട്ട് പോകാൻ ഞങ്ങൾ സഹായിക്കും. യാതൊരുവിധത്തിലും മുന്നോട്ട് പോകാനാകാത്ത സംരംഭകർക്ക് കൂടുതൽ ബാധ്യതകൾ ഉണ്ടാകാതെ തന്നെ കോംപ്രമൈസ് സെറ്റിൽമെന്റിലൂടെ സംരംഭം അവസാനിപ്പിക്കുന്നതിനും ഞങ്ങൾ അവസരം നൽകുന്നുണ്ട്.

**ഏതൊക്കെ മേഖലകൾക്കാണ് കെ.എഫ്.സി ഊന്നൽ നൽകിയിട്ടുള്ളത്?**

▶ പരമ്പരാഗത മേഖലകളായ കൈത്തറി, കശുവണ്ടി, സുഗന്ധദ്രവ്യങ്ങൾ എന്നിവയ്ക്ക് പുറമേ റബർ, ഭക്ഷ്യ സംസ്കരണം തുടങ്ങിയവ ഉൾപ്പടെയുള്ള ഉൽപ്പാദന മേഖലയ്ക്കാണ് ഞങ്ങൾ ഈ വർഷം പ്രാമുഖ്യം നൽകുന്നത്. കേരളത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടണമെങ്കിൽ ഉൽപ്പാദനമേഖല ശക്തിപ്പെട്ടേ മതിയാകൂ. അതിനാൽ ഉൽപ്പാദന മേഖലയ്ക്ക് ഞങ്ങൾ 10 ശതമാനം പലിശ നിരക്കിൽ വായ്പ നൽകും. ബാങ്കിംഗ് മേഖലയിൽ 14.5 ശതമാനം പലിശ നിരക്കുള്ളപ്പോൾ കൃത്യമായ തിരിച്ചടവും ക്രെഡിറ്റ് റേറ്റിംഗും കണക്കിലെടുത്തുകൊണ്ടാണ് ഞങ്ങൾ 10 ശതമാനം പലിശക്ക് വായ്പ നൽകുന്നത്. ഇതിനുപുറമെ സൂക്ഷ്മ സംരംഭങ്ങൾക്ക് ഏഴ് ശതമാനം പലിശ നിരക്കിലും വായ്പ നൽകാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

**കെ.എഫ്.സിയെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമുണ്ട്?**

▶ സാങ്കേതിക വിദ്യയിൽ മാത്രമല്ല നയങ്ങളിലും നടപടിക്രമങ്ങളിലുമൊക്കെ കെ.എഫ്.സി സമഗ്രമായ മാറ്റം കൈവരിച്ചുകഴിഞ്ഞു. വായ്പാ വിതരണത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതിനെക്കുറിച്ച് ഞാൻ നേരത്തേ വിശദമാക്കിയിരുന്നു. ജീവനക്കാരുടെ വൈദഗ്ധ്യം വർധിപ്പിക്കുന്നതിനായി ആർ.ബി.ഐയുടെ കോളെജ് ഓഫ് അഗ്രികൾച്ചറൽ ബാങ്കിംഗുമായി ചേർന്ന് ഒട്ടേറെ പരിശീലന പരിപാടികൾ പൂർത്തിയാക്കി. വ്യവസായികളെ സഹായിക്കുന്നതിനായി ഉദ്യോഗസ്ഥരെ പ്രാപ്തരാക്കിയെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കോർപ്പറേഷന് ശരിയായ ഘടന ഉണ്ടാക്കുന്നതിനായി വ്യത്യസ്ത വിഭാഗങ്ങൾ രൂപീകരിച്ച് അവയ്ക്ക് പ്രത്യേക ടാർജറ്റുകൾ നിശ്ചയിക്കുകയും വിവിധ തലങ്ങളിലെ ജീവനക്കാരെ പുനഃസംഘടിപ്പിക്കുകയും ചെയ്തു. നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന്റെ ഭാഗമായി പഴയ കംപ്യൂട്ടർ സംവിധാനങ്ങൾ മാറ്റുകയും പകരം ടാറ്റാ കൺസൾട്ടൻസി സർവീസസ് മുഖേന കോർ ഫിനാൻഷ്യൽ സൊലൂഷൻ നടപ്പാക്കുകയും ചെയ്തു. മുമ്പ് വിപണനമെന്ന ആശയം തന്നെ കോർപ്പറേഷന് ഇല്ലാതിരുന്നെങ്കിൽ ഇപ്പോൾ വിപണന വിഭാഗം ശക്തമാക്കുകയും ഞങ്ങളുടെ ജീവനക്കാർ വ്യവസായ എസ്റ്റേറ്റുകൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, വ്യവസായ അസോസിയേഷനുകൾ എന്നിവിടങ്ങളിൽ പോയി മികച്ച സംരംഭകരെ കണ്ടെത്തി ബിസിനസ് നേടുന്നതിനുള്ള സംവിധാനം നടപ്പാക്കുകയും ചെയ്തു. ഇതിലൂടെയെല്ലാം ഉപഭോക്താക്കളുടെ എല്ലാവിധ ആവശ്യങ്ങളും നിറവേറ്റാനുതകുന്ന സംരംഭകരുടെ ഒരു സുഹൃത്തായി കെ.എഫ്.സി മാറിക്കഴിഞ്ഞു. അതിനാൽ വ്യവസായ വികസനരംഗത്ത് കേരളത്തെ മാറ്റിമറിക്കാൻ കെ.എഫ്.സിക്ക് സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

**ബാങ്കിംഗ് മേഖലയുമായുള്ള മൽസരത്തെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?**

▶ കെ.എഫ്.സിയുടെയും ബാങ്കുകളുടെയും പ്രവർത്തനത്തിൽ ഒരുപാട് വ്യത്യാസമുണ്ട്. ഞങ്ങൾ ടേം ലോൺ നൽകിക്കൊണ്ട് പ്രോജക്റ്റ് ഫിനാൻസിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അതിൽ സ്പെഷലൈസേഷൻ നേടുകയുമാണ് ചെയ്യുന്നത്. വ്യവസായ വികസനം മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ഏജൻസിയാണിത്. എന്നാൽ ബാങ്കുകൾക്ക് നിക്ഷേപ-വായ്പാ പദ്ധതികൾ ഉൾപ്പടെ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഒരു സംരംഭകന്റെ ആവശ്യങ്ങൾ ശരിയായി മനസിലാക്കാൻ ബാങ്കുകൾക്ക് കഴിയണമെന്നില്ല. സംരംഭകർക്ക് വേണ്ട പ്രവർത്തന മൂലധനം നൽകാൻ ബാങ്കുകൾക്ക് സാധിക്കും. എന്നാൽ ടേം ലോൺ നൽകുന്ന കെ.എഫ്.സി വ്യവസായ മേഖലയുടെ വികസനം, അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പാദന മേഖലക്ക് വേണ്ടുന്ന കൺസൾട്ടൻസി സേവനങ്ങൾ എന്നിവക്കൊക്കെയാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. ബാങ്കിംഗ് മേഖലയിലെ ശരാശരി വായ്പാ പലിശ നിരക്ക് 14.5 ശതമാനമാണെങ്കിൽ ഞങ്ങളുടേത് വെറും 10.5 ശതമാനം മാത്രമാണ്.

**പ്രത്യേക വായ്പാ പദ്ധതികൾ എന്തൊക്കെയാണ്?**

▶ വിദേശ മലയാളികൾക്കായി രണ്ട് വർഷം മുമ്പ് ഒരു പ്രത്യേക വായ്പാ പദ്ധതി ഞങ്ങൾ നടപ്പാക്കിയിരുന്നു. ഇതിലൂടെ 121 വിദേശ മലയാളികൾക്ക് ഏഴ് ശതമാനം പലിശ നിരക്കിൽ 14.09 കോടി രൂപയാണ് കോർപ്പറേഷൻ വായ്പയായി നൽകിയത്. ഉൽപ്പാദനരംഗത്തെ സംരംഭങ്ങൾക്ക് 10 ശതമാനം നിരക്കിലും മൈക്രോ സംരംഭങ്ങൾക്ക് ഏഴ് ശതമാനം നിരക്കിലും വിദേശ മലയാളികളുടെ പദ്ധതികൾക്ക് ഇപ്പോൾ ഒമ്പത് ശതമാനം നിരക്കിലുമാണ് വായ്പ ലഭ്യമാക്കുന്നത്. സ്ത്രീകളുടെയും പട്ടികജാതി പട്ടികവർഗ വിഭാഗക്കാരുടെയും സംരംഭങ്ങൾക്ക് കോർപ്പറേഷന്റെ നിലവിലുള്ള നിരക്കിൽനിന്നും ഒരു ശതമാനം കുറഞ്ഞ പലിശക്ക് ഞങ്ങൾ വായ്പ നൽകുന്നുണ്ട്. ഊർജസംരക്ഷണ പദ്ധതികൾക്ക് മാത്രമായി അഞ്ച് ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നുണ്ട്. വിപണിയിൽ മറ്റൊരിടത്തു നിന്നും ഇത്രയും കുറഞ്ഞ പലിശ നിരക്കിൽ സംരംഭകർക്ക് വായ്പ ലഭിക്കുന്നതല്ല.

**കുറഞ്ഞ ചെലവിൽ വിഭവ സമാഹരണം നടത്താനുള്ള കോർപ്പറേഷന്റെ നടപടികൾ?**

▶ സിഡ്ബിയുടെ റീഫിനാൻസായിരുന്നു കെ.എഫ്.സിയുടെ ഏക ആശ്രയം. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഷെയർ കാപ്പിറ്റലും കോർപ്പറേഷന് സഹായകരമായിട്ടുണ്ട്. കിട്ടാക്കടം എഴുതിത്തള്ളുന്നതിനും നഷ്ടം നികത്തുന്നതിനുമായി മൂന്ന് വർഷം മുമ്പ് മുൻ ധനമന്ത്രി ഡോ.തോമസ് ഐസക്ക് 150 കോടി രൂപ കോർപ്പറേഷന് അനുവദിച്ചിരുന്നു. അതിലൂടെയാണ് കോർപ്പറേഷന് ലാഭത്തിലേക്ക് കടക്കാനായത്. വായ്പാ തിരിച്ചടവിലൂടെ ലഭിക്കുന്ന പണമാണ് മറ്റൊരു മാർഗം. സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടതോടെ ഞങ്ങൾ വിവിധ ബാങ്കുകളെ സമീപിച്ചു. ഫെഡറൽ ബാങ്ക്, ഇന്ത്യൻ ബാങ്ക്, ഹഡ്കോ എന്നിവിടങ്ങളിൽ നിന്നും 100 കോടി വീതവും സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്ന് 50 കോടിയും സമാഹരിച്ചു. ഇതിനുപുറമെ ബോണ്ടുകളിലൂടെ മറ്റൊരു 200 കോടി രൂപ കൂടി സ്വരൂപിക്കാനും ഉദ്ദേശിക്കുന്നു. രാജ്യത്തെ ഏറ്റവും മികച്ച രണ്ടാമത്തെ സ്റ്റേറ്റ് ഫിനാൻസ് കോർപ്പറേഷനായി കെ.എഫ്.സിയുടെ റേറ്റിംഗ് ഉയർന്നിരിക്കുന്നതിനാൽ എല്ലാ ബാങ്കുകളും സിഡ്ബിയുമൊക്കെ ഞങ്ങളെ സഹായിക്കാൻ സന്നദ്ധരാണ്.

**അടുത്ത അഞ്ച് വർഷം കഴിയുമ്പോൾ കെ.എഫ്.സി എവിടെ എത്തണമെന്നാണ് താങ്കൾ ലക്ഷ്യമിട്ടിട്ടുള്ളത്?**

▶ കോർപ്പറേഷന്റെ തുടക്കം മുതൽ ഇന്നേവരെയായി കേരളത്തിലെ സംരംഭകർക്ക് 4800 കോടി രൂപയാണ് വായ്പയായി നൽകിയിട്ടുള്ളത്. അഞ്ച് വർഷം കഴിയുമ്പോൾ ഓരോ വർഷവും 5000 കോടി രൂപയുടെ വായ്പ നൽകണമെന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഇപ്പോൾ പ്രതിവർഷം 500 കോടി രൂപയാണ് കെ.എഫ്.സി വായ്പയായി നൽകുന്നത്. ഇതിന്റെ 10 ഇരട്ടി തുകയുടെ വായ്പ ലഭ്യമാക്കണമെന്നതാണ് ഞങ്ങളുടെ സ്വപ്നം. ■

[redacted]